# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1495** | **15.06.2012 ൽ മറുപടിക്ക്**

## പഞ്ചായത്തുകളിലെ ജോലിഭാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി : | ഡോ. എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി ) |
| (എ) പഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് പഠനം നടത്തുന്നതിന് സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സമിതി റിപ്പോർട്ട് എന്ന് സമർപ്പിച്ചുവെന്ന് പറയാമോ; ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (എ) ഉണ്ട്. സമിതി 19.04.2012 ൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.<br>അനുബന്ധം നിയമസഭാമന്ദിരത്തിലെ മെമ്പേഴ്സ് റഫറൻസ് വിഭാഗത്തിൽ (റൂം നമ്പർ: 504) സൂക്ഷിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) പഠന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതിനായി ഒരു ആറംഗ സമിതിയെ നിയോഗിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതിയുടെ ആദ്യയോഗം 08.06.2012 ന് കൂടുകയുണ്ടായി. |
| (സി) പഞ്ചായത്തുകളിലെ ജോലി ഭാരം ലഘൂകരിച്ച് മികച്ച സേവന കേന്ദ്രങ്ങളായി പഞ്ചായത്ത് രാജ് സ്ഥാപനങ്ങളെ മാറ്റുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദീകരിക്കുമോ? | (സി) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെ മികച്ച സേവന കേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവത്കൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് |

സംവിധാനം നടപ്പിലാക്കി വരുന്നു. കൂടാതെ അക്കൗണ്ടിംഗ് കാര്യക്ഷമ മാക്കുന്നതിലേക്ക് എല്ലാ ഗ്രാമപഞ്ചായ ത്തുകളിലും അക്കൗണ്ടന്റുമാരെ നിയമിച്ചിട്ടുണ്ട്.

ഗ്രാമ പഞ്ചായത്തുകൾ വഴി യുള്ള സേവനങ്ങളെക്കുറിച്ച് പൗരൻ മാരെ ബോധവാൻമാരാക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകളിലും വകുപ്പ് തലത്തിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ ആഫീസിന്റെ പുറത്ത് അവ രേഖപ്പെ ടുത്തി വയ്ക്കാൻ നിർദ്ദേശവും നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് സേവനം യഥാസമയം നൽകുന്നതിനും പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്ന തിനുമായി എല്ലാ ഗ്രാമ പഞ്ചായ ത്തുകളിലും ഫ്രണ്ട് ആഫീസ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

പൊതുജനങ്ങൾക്ക് വിവര സാങ്കേതികവിദ്യ ഉപയോഗിച്ച് വേഗത്തി ലും കൃത്യതയിലും സേവനം പ്രദാനം ചെയ്യുന്നതിന് ഐ.കെ.എം. ന്റെ ആഭിമുഖ്യത്തിൽ വികസിപ്പിച്ചിട്ടുള്ള സോഫ്റ്റ്‌വെയറുകൾ ഉപയോഗിച്ചുള്ള കമ്പ്യൂട്ടർവൽക്കരണം നടന്നുവരിക യാണ്. കില മുഖാന്തിരം ജീവനക്കാർ ക്കും ജനപ്രതിനിധികൾക്കും സമയ ബന്ധിതമായി പരിശീലനം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ